പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 477

22.3.2018 -ൽ മറുപടിയ്ക്ക്

## ടൂറിസം പഠന കോഴ്സുകൾ

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ. ആന്റണി ജോൺ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വിനോദ സഞ്ചാര വികസന സാധ്യതയ്ക്കനുസൃതമായി ടൂറിസം കോഴ്സുകൾ പഠിക്കുന്നതിന് അവസരം ലഭ്യമല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | കിറ്റ്സ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്) നടത്തുന്ന കോഴ്സുകളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ഉണ്ട്. കിറ്റ്സിന്റെ ഭരണപരവും അക്കാദമിക് തലത്തിലുമുള്ള പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ അവലോകനം ചെയ്യാൻ നിലവിൽ താഴെ പറയുന്ന സംവിധാനങ്ങൾ ഉണ്ട്.<br>1. കിറ്റ്സിലെ അക്കാദമിക് കൗൺസിലിന്റെയും ജനറൽ ബോഡിയുടെയും അംഗീകാരത്തോടെ ടൂറിസം ഇൻഡസ്ട്രിയുടെ ആവശ്യകതയ്ക്കനുസരിച്ചാണ് കിറ്റ്സിലെ കോഴ്സുകൾ രൂപകൽപ്പന ചെയ്യുന്നത്.<br>2. കിറ്റ്സിലെ അക്കാദമിക് ഭരണപരമായ എല്ലാ കാര്യങ്ങളും ടൂറിസം വകുപ്പ് മന്ത്രി ചെയർമാനും സെക്രട്ടറി (ടൂറിസം) വൈസ് ചെയർമാനുമായിട്ടുള്ള വർഷത്തിൽ കുറഞ്ഞത് രണ്ടുതവണ കൂടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയ വിവരം അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകുകയും ചെയ്യാറുണ്ട്. ഇതിനു പുറമെ സർക്കാർ അനുമതി തേടേണ്ട വിഷയങ്ങളിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. |

| | | | |
|---|---|---|---|
| | | | 3. കിറ്റ്സ് ഐ.എസ്.ഒ 9001-2008 സർട്ടിഫൈഡ് സ്ഥാപനമാണ്. ഐ.എസ്.ഒ നിബന്ധന പ്രകാരം തയ്യാറാക്കിയിട്ടുള്ള നിബന്ധനകളും ചട്ടങ്ങളും അനുസരിച്ച് അക്കാദമിക് പ്രവർത്തനങ്ങളും ഭരണപരമായ പ്രവർത്തനങ്ങളും എല്ലാ വർഷവും ആന്തരിക ഓഡിറ്റിംഗിനും ബാഹ്യ ഓഡിറ്റിംഗിനും വിധേയമാക്കുകയും ചെയ്യുന്നു. ഐ.എസ്.ഒ. എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയാൽ അത് ഉടനടി പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാറുമുണ്ട്.<br>4. കിറ്റ്സിന്റെ ഭരണപരമായ എല്ലാ പ്രവർത്തനങ്ങളും വർഷം തോറും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിനും അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിംഗിനും വിധേയമാണ്. |
| സി) | കിറ്റ്സ്-ന്റെ സെന്ററുകൾ വിവിധ ടൂറിസം മേഖലകളിൽ സ്ഥാപിക്കുന്നതിനും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സുകൾ പഠിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | സി) | കിറ്റ്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരമാണ് വിവിധ ടൂറിസം മേഖലകളിൽ കിറ്റ്സിന്റെ സെന്ററുകൾ ആരംഭിക്കുന്നത്. എക്സിക്യൂട്ടീവ് കമ്മിറ്റി സർക്കാർ അർദ്ധ സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ലോജിസ്റ്റിക് മാനേജ്മെന്റ്, എയർകാർഗോ ഓപ്പറേഷൻസ്, എയർപോർട്ട് ഓപ്പറേഷൻസ് എന്നീ തൊഴിലധിഷ്ഠിത കോഴ്സുകൾ, വിദ്യാർത്ഥികളുടെ ലഭ്യതയനുസരിച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സാറ്റലൈറ്റ് പഠനകേന്ദ്രങ്ങൾ മുഖേന നടത്തുന്നതിന് തീരുമാനിച്ചു. അതനുസരിച്ച് ആദ്യ സാറ്റലൈറ്റ് പഠനകേന്ദ്രം നവംബർ 2017-ൽ കൊച്ചി അന്താരാഷ്ട്ര വിമാനതാവളത്തിന്റെ സാമീപ്യം കണക്കിലെടുത്ത് തൃശ്ശൂരിൽ ആരംഭിച്ചു |

**സെക്ഷൻ ഓഫീസർ**